# 248

Reg. No. : ....................................

Name : ........................................

**SECOND YEAR HIGHER SECONDARY**
**MODEL EXAMINATION, FEBRUARY – 2024**

Part – III

Time : 2½ Hours
Cool-off time : 15 Minutes

## BUSINESS STUDIES

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 9 വരെയുള്ള എതെങ്കിലും 7 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. 1 സ്കോർ വീതം.** **(7 × 1 = 7)**

1. മാനേജ്മെന്റിന്റെ സത്ത് __________ ആണ്.
   (A) ആസൂത്രണം (B) സംഘാടനം
   (C) ഉദ്യോഗവൽക്കരണം (D) ഏകോപനം

2. ഒറ്റയാനെ കണ്ടെത്തുക
   (A) ഗ്യാങ് ബോസ് (B) റൂട്ട് ക്ലർക്ക്
   (C) റിപ്പയർ ബോസ് (D) ഇൻസ്പെക്ടർ

3. നമ്മൾ എവിടെയാണെന്നും എവിടേക്കാണ് പോകേണ്ടതെന്നും തമ്മിലുള്ള വിടവ് നികത്തുന്ന മനേജ്മെന്റിന്റെ ധർമ്മം __________ ആണ്.
   (A) സംഘാടനം (B) ഉദ്യോഗവൽക്കരണം
   (C) ആസൂത്രണം (D) മാർഗ്ഗനിർദ്ദേശം

4. സമാനമോ ബന്ധപ്പെട്ടതോ ആയ ജോലികളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്ന സംഘടനാ ഘടന തിരിച്ചറിയുക.
   (A) ഫങ്ക്ഷണൽ (B) ഡിവിഷണൽ
   (C) അനൗപചാരികം (D) ഇവയൊന്നുമല്ല

5. ജോലി സ്ഥലത്തിന് പുറത്ത് നൽകുന്ന പരിശീലനം __________ എന്നറിയപ്പെടുന്നു.

6. ഇനിപ്പറയുന്നവയിൽ മാർഗനിർദ്ദേശത്തിന്റെ ഘടകം ഏതാണ്?
   (A) പ്രചോദനം (B) ആശയവിനിമയം
   (C) മേൽനോട്ടം (D) ഇവയെല്ലാം

7. നിയന്ത്രണവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന തിരിച്ചറിയുക.
   (A) നിയന്ത്രണം മുന്നോട്ട് നോക്കുന്നതാണ്.
   (B) നിയന്ത്രണം പിന്നോട്ട് നോക്കുന്നതാണ്.
   (C) നിയന്ത്രണം ഒറ്റത്തവണ പ്രവർത്തനമാണ്..
   (D) നിയന്ത്രണം സർവവ്യാപിയാണ്.

8. ഒരു സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ മൂലധനം അറിയപ്പെടുന്നത് _______ എന്നാണ്.

(A) പ്രവർത്തന മൂലധനം (B) സ്ഥിര മൂലധനം

(C) ദീർഘകാല മൂലധനം (D) ഇവയൊന്നുമല്ല

9. വസ്ത്രങ്ങൾ, ഷൂസ്, ആഭരണങ്ങൾ തുടങ്ങിയവ ________ ഉൽപ്പന്നങ്ങളുടെ ഉദാഹരണങ്ങളാണ്.

(A) ഈടുനിൽക്കാത്ത ഉൽപ്പന്നം (B) ഷോപ്പിംഗ് ഉൽപ്പന്നം

(C) സൗകര്യപ്രദമായ ഉൽപ്പന്നങ്ങൾ (D) ഇവയൊന്നുമല്ല

**10 മുതൽ 17 വരെയുള്ള ഏതെങ്കിലും 7 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. 2 സ്കോർ വിതം.** **(7 × 2 = 14)**

10. എന്താണ് ഏകോപനം ?

11. പട്ടിക പൂർത്തിയാക്കുക :

| ഉപഭോക്താക്കളുടെ അഭിരുചിയും മുൻഗണനകളും | സാമൂഹിക പരിസ്ഥിതി |
|---|---|
| പലിശ നിരക്ക് | ? |
| തിരഞ്ഞെടുക്കപ്പെട്ട സർക്കാർ | ? |

12. എന്താണ് ആസൂത്രണ സങ്കല്പങ്ങൾ ?

13. സ്പാൻ ഓഫ് മാനേജ്മെന്റ് എന്താണ് ?

14. സ്ഥാപനത്തിന്റെ ഡിവിഷണൽ ഘടനയുടെ ചാർട്ട് വരയ്ക്കുക.

15. അറ്റ പ്രവർത്തന മൂലധനവും മൊത്ത പ്രവർത്തന മൂലധനവും വേർതിരിക്കുക.

16. ഡയഗ്രം പൂർത്തിയാക്കുക :

| സാമ്പത്തിക തീരുമാനങ്ങൾ |
|---|

↓

| നിക്ഷേപ തീരുമാനം | ? | ? |
|---|---|---|

17. ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനായി ഉപഭോക്തൃ സംരക്ഷണ നിയമത്തിന് കീഴിലുള്ള ഏതെങ്കിലും രണ്ട് പരിഹാര ഏജൻസികളുടെ പേര് നൽകുക.

**18 മുതൽ 24 വരെയുള്ള ഏതെങ്കിലും 6 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. 3 സ്കോർ വീതം.** **(6 × 3 = 18)**

18. താഴെ പറയുന്ന കാര്യങ്ങൾ ചുരുക്കി വിവരിക്കുക.
    (A) സമയ പഠനം
    (B) ചലന പഠനം
    (C) ക്ഷീണ പഠനം

19. ബിസിനസ്സ് പരിതസ്ഥിതിയുടെ ഏതെങ്കിലും മൂന്ന് പ്രാധാന്യം ചുരുക്കി വിവരിക്കുക.

20. ഔപചാരിക സംഘടനയും അനൗപചാരിക സംഘടനയും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ എഴുതുക.

21. റിക്രൂട്ട്മെന്റിന്റെ ആന്തരിക ഉറവിടങ്ങൾ എന്താണ് ? രണ്ട് ഉദാഹരണങ്ങൾ നൽക്കുക.

22. നിയന്ത്രണത്തിന്റെ ഏതെങ്കിലും മൂന്ന് പരിമിതികൾ ചുരുക്കി വിവരിക്കുക.


23. എന്താണ് സ്ഥിര മൂലധനം ? സ്ഥിര മൂലധനത്തിന്റെ ആവശ്യകതയെ ബാധിക്കുന്ന ഏതെങ്കിലും നാല് ഘടകങ്ങൾ എഴുതുക.

24. ഉപഭോക്തൃ സംരക്ഷണ നിയമം നൽകുന്ന ഉപഭോക്താക്കളുടെ ഏതെങ്കിലും മൂന്ന് അവകാശങ്ങൾ ചുരുക്കി വിവരിക്കുക.

**25 മുതൽ 30 വരെയുള്ള ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. 5 സ്കോർ വീതം.**

**(5 × 5 = 25)**

25. മാനേജ്മെന്റിന്റെ തലങ്ങളുടെ ഡയഗ്രം പൂർത്തിയാക്കുകയും ഓരോ ഉദാഹരണം ഉപയോഗിച്ച് മാനേജ്മെന്റിന്റെ മൂന്ന് തലങ്ങളെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുകയും ചെയ്യുക.




26. ഹെൻറി ഫയോൾ മുന്നോട്ടുവച്ച മാനേജ്മെന്റിന്റെ ഏതെങ്കിലും അഞ്ച് തത്വങ്ങൾ വിശദീകരിക്കുക.

27. ചേരുംപടി ചേർക്കുക :

| കോളം – എ | | കോളം – ബി | |
|---|---|---|---|
| (A) | ഭാവിയിലേക്കുള്ള സാമ്പത്തിക ആസൂത്രണം | (a) | ലക്ഷ്യങ്ങൾ നിർണയിക്കൽ |
| (B) | ഭാവിയിൽ ആവർത്തിക്കാത്ത പ്രവർത്തനങ്ങൾകുള്ള ആസൂത്രണം | (b) | ആസൂത്രണ സങ്കലപങ്ങൾ |
| (C) | പതിവ് പ്രവർത്തനത്തിന്ഉള്ള ആസൂത്രണം | (c) | ബജറ്റ് |
| (D) | ഭാവിയെക്കുറിച്ചുള്ള അനുമാനങ്ങൾ | (d) | ഏക ഉപയോഗ പദ്ധതി |
| (E) | ആസൂത്രണത്തിന്റെ ആദ്യ ഘട്ടം | (e) | ചിരസ്ഥായിയായ പദ്ധതി |

28. പ്രൊഫ എബ്രഹാം മസ്ലോയുടെ അഭിപ്രായത്തിൽ, ഓരോ മനുഷ്യനിലും അഞ്ച് ആവശ്യങ്ങളുടെ ഒരു ശ്രേണി നിലവിലുണ്ട്. ഈ അഞ്ച് ആവശ്യങ്ങളെ ചുരുക്കി വിവരിക്കുക.

29. എന്താണ് മൂലധന ഘടന ? മൂലധന ഘടന തിരഞ്ഞെടുക്കുന്നതിനെ ബാധിക്കുന്ന ഏതെങ്കിലും മൂന്ന് ഘടകങ്ങൾ വിശദീകരിക്കുക.

30. ഒരു ബ്രാൻഡ് നാമം തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?

**31 മുതൽ 33 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. 8 സ്കോർ വിതം.**

**(2 × 8 = 16)**

31. തിരഞ്ഞെടുക്കൽ പ്രക്രിയയിലെ പ്രധാന ഘട്ടങ്ങൾ വിശദീകരിക്കുക.

32. ഏതെങ്കിലും നാല് സാമ്പത്തിക പ്രോത്സാഹനങ്ങളും സാമ്പത്തികേതര പ്രോത്സാഹനങ്ങളും ചുരുക്കി വിവരിക്കുക.

33. എന്താണ് വിപണന മിശ്രിതം ? വിപണന മിശ്രിതത്തിന്റെ നാല് ഘടകങ്ങൾ വിശദീകരിക്കുക.

---